"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ . അർ ച്ചിത് . എം . ആർ - ന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.699/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/03/2021

---

പരാമർശം:- 1 ശ്രീ. അർച്ചിത്.എം. ആർ - ന്റെ 16.10.2020 ലെ ശൂന്യവേതനാവധിയപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 12.11.2020, 04.01.2021 എന്നീ തീയതികളിലെ ഇ6-12749/2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അർച്ചിത്.എം.ആർ-ന് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർ ശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അർച്ചിത്.എം.ആർ, 28.05.2020 **ന്** സേവനത്തിൽ പ്രവേശിച്ചു. ശ്രീ.അർച്ചിത.എം.ആർ ന് ബാംഗ്ലൂരിലെ എം.വി.എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിൽ ബി.എസ്.സി റീനൽ ഡയാലിസിസ് ടെക്നോളജി കോഴ്സ് പൂർത്തീകരിക്കുന്നതിനായി 15.11.2020 മുതൽ മൂന്നര വർഷത്തേക്ക് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. എം.വി.എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ . അർ ച്ചിത് . എം . ആർ - ന് ഉത്തരവ് തീയതിയ്ക്ക് ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 15.05.2024 വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ . അർ ച്ചിത് . എം . ആർ, ക്ലാർക്ക്, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് ( 16.02.2021 ലെ 46/ഡെവ-1/21/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(217/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ